(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

*3 [425] *ശ്രീ. ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:*

„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്നാക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തിരമായി നടപ്പിലാക്കുവാൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VI, ചട്ടം 23 പ്രകാരം സ്കൂളുകളിൽ അനുവദനീയമായ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്.

(ബി) & (സി) നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ 1:45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഡിവിഷൻ കുറവ് വരുന്നതുമൂലം നിലവിലുള്ള അദ്ധ്യാപകർക്ക് പിരിഞ്ഞു പോകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അത്തരം സ്കൂളുകളിൽ ഒരു പ്രത്യേക ആനുകൂല്യം എന്ന നിലയിൽ ഈ അനുപാതം 1:40 ആയി സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 2-5-2005-ലെ 11/ജെ2/2005/പൊ.വി.വ. നമ്പർ സർക്കുലർപ്രകാരം 2005-2006 അദ്ധ്യയനവർഷം മുതൽ ഈ ആനുകൂല്യം അനുവദിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗവൺമെന്റ് ഉടമയിൽ ഉള്ള മോഡൽ സ്കൂളുകൾ

*4 [426] *ശ്രീ. കെ. സുധാകരൻ:*

„ *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ്:

„ *എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly